

FRIDAY 31/10/2025 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 31/10/2025

1. കേരള കൃഷി വകുപ്പുമായി ബന്ധപ്പെട്ട ഡിജിറ്റൽ സേവനങ്ങൾ കർഷകർക്ക് കൂടുതൽ എളുപ്പത്തിലും വളരെ വേഗത്തിലും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനായി കർഷക സേവനകേന്ദ്രങ്ങൾക്ക് തുടക്കം കുറിക്കുകയാണ്. **'ആശ്രയ'** എന്ന പേരിൽ ആരംഭിക്കുന്ന കർഷക സേവനകേന്ദ്രങ്ങൾ കൃഷിവകുപ്പുമായി ബന്ധപ്പെട്ട എല്ലാ ഡിജിറ്റൽ സേവനങ്ങളും കർഷകർക്ക് അനായാസം ലഭ്യമാക്കുവാൻ ആവശ്യമായ സേവന കേന്ദ്രമായി പ്രവർത്തിച്ച് സമയ ബന്ധിതമായും, വളരെ കൃത്യതയോടും, കാര്യക്ഷമമായും കർഷകർക്ക് കൃഷിയിടത്തിൽ തന്നെ ആവശ്യമായ ഡിജിറ്റൽ സേവനങ്ങൾ യഥാസമയം നേരിട്ട് നൽകുന്നു. വാതിൽപ്പടി സേവനങ്ങളായ നെല്ല് സംഭരണ രജിസ്ട്രേഷൻ, **'കൃഷി സമൃദ്ധി'** പഞ്ചായത്തിലെ വിവര ശേഖരണം **'കതിർ'** പോർട്ടലിലൂടെ, പി.എം. കിസാൻ രജിസ്ട്രേഷൻ ക്യാമ്പയിൻ തുടങ്ങിയവ ഉൾപ്പെടെ നൽകുന്ന കർഷകർക്ക് വേണ്ടിയുള്ള കർഷകരുടെ **'ഒരു വൺ സ്റ്റോപ്പ് ഡെസ്റ്റിനേഷനായി'** പ്രവർത്തിക്കുന്നതിന് ആശ്രയ കേന്ദ്രങ്ങളിലൂടെ സർക്കാർ ലക്ഷ്യമിടുന്നു. ആശ്രയ-കർഷക സേവന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കേന്ദ്രത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം ബ്ലോക്ക് അഗ്രോ - സർവ്വീസ് സെന്ററുമായി ചേർന്ന് അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് അങ്കണത്തിൽ വച്ച് നാളെ (2025 നവംബർ മാസം 1-ന്) വൈകുന്നേരം 3 മണിക്ക് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ. അനിൽ ന്റെ അദ്ധ്യക്ഷതയിൽ കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം നിർവ്വഹിക്കുന്നു.

2. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ പാറശ്ശാല പന്നി വളർത്തൽ കേന്ദ്രത്തിൻന്റെ പുനർനിർമ്മാണ പ്രവർത്തനത്തിന്റെ ശിലാസ്ഥാപനം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ഇന്ന് (2025 ഒക്ടോബർ 31 ന്) രാവിലെ 11.30 ന് നിർവ്വഹിക്കുന്നതാണ്. പാറശ്ശാല എം.എൽ.എ ഹരീന്ദ്രൻ സി കെ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. ഡി സുരേഷ് കുമാർ, മറ്റ് ജനപ്രതിനിധികൾ, മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുക്കുന്നതാണ്. മൃഗസംരക്ഷണ കർഷകർക്കായി അന്നേ ദിവസം രാവിലെ 10 ന് പന്നിപ്പനി, ആഫ്രിക്കൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പന്നിപ്പനി, എന്നീ വിഷയങ്ങളെ കുറിച്ച് വിദഗ്ധരുടെ ക്ലാസ്സുകൾ പാറശ്ശാല പുത്തൻകട EMS ഹാളിൽ വെച്ച് ഉണ്ടായിരിക്കുന്നതാണ്.

3. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2015 സെപ്റ്റംബർ 12 മുതൽ 2025 സെപ്റ്റംബർ 11 വരെയുള്ള 10 വർഷ കാലപരിധിയ്ക്കുള്ളിൽ അംശാദായം 24 മാസത്തിലധികം കുടിശ്ശിക വരുത്തി അംഗത്വം നഷ്ടപ്പെട്ട തൊഴിലാളികൾക്ക് അംശദായ കുടിശ്ശിക പിഴ സഹിതം അടച്ച് അംഗത്വം പുനഃസ്ഥാപിക്കാം. ഡിസംബർ 10 നകം കുടിശിക അടയ്ക്കണം. ഇതിനകം 60 വയസ്സ് പൂർത്തിയാക്കിയ തൊഴിലാളികൾക്ക് കുടിശ്ശിക അടക്കുന്നതിനും അംഗത്വം പുനഃസ്ഥാപിക്കുന്നതിനും അവസരം ഉണ്ടായിരിക്കില്ല എന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. വിശദവിവരങ്ങൾക്ക് ഫോൺ നമ്പർ 0471-2729175.

4. ക്ഷീരവികസനവകുപ്പിന്റെയും, സാമ്പത്തിക സ്ഥിതിവിവര ക്കണക്ക് വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മിൽമ, കേരള ഫീഡ്സ്, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവയുടെ സഹകരണത്തോടെ ക്ഷീരമേഖലയിലെ എല്ലാ സ്റ്റേക്ക്

ഹോൾഡർമാർക്കും ഭാവി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സഹായകരമാകുന്ന രീതിയിൽ "സംസ്ഥാന ക്ഷീരമേഖല-സമഗ്ര സർവേ 2025-26" എന്ന പേരിൽ ഒരു സാമ്പിൾ സർവേ നടത്തുകയാണ്. കേരളത്തിലുടനീളമുള്ള ക്ഷീരകർഷകരുടെ പശു പരിപാലനരീതികൾ, പാലുൽപ്പാദനം സംബന്ധിച്ച വിവരങ്ങൾ, ഉപയോഗിക്കുന്ന കാലിത്തീറ്റയുടെ കണക്ക്, പാലിന്റെ ഉപഭോഗം, വിപണനം, തീറ്റപ്പുൽകൃഷിക്കായി ഉപയോഗിക്കുന്ന ഭൂമിയുടെ വിസ്തൃതി, തീറ്റപ്പുല്ലിന്റെ ലഭ്യത എന്നിവ ഉൾപ്പെടുത്തി സമഗ്രമായ **വിവരശേഖരണം സർവേ 2025 നവംബർ 1 ന് ആരംഭിക്കുന്നതാണ്.** 2025 നവംബർ 10 മുതല് ഡിസംബർ 10 വരെയാണ് സർവേയുടെ സമയപരിധി. ശാസ്ത്രീയമായി തെരഞ്ഞെടുക്കപ്പെട്ട 756 വാർഡുകളാണ് വിവരശേഖരണത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. ക്ഷീര വികസന വകുപ്പുമായി ബന്ധപ്പെട്ട ഡയറി പ്രൊമോട്ടർമാർ, വുമൺ ക്യാറ്റിൽ കെയർ വർക്കർമാർ, സംഘം പ്രതിനിധികൾ എന്നിവരടങ്ങുന്ന 378 പേരെയാണ് എന്യൂമറേറ്റർമാരായി തെരഞ്ഞെടുത്തിട്ടുള്ളത്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കേരള സർക്കാരിന്റെ മൃഗങ്ങൾക്ക് മാത്രമായുള്ള കേരളത്തിലെ പ്രഥമ സൂപ്പർ സ്പെഷ്യലിറ്റി ആശുപത്രി ആയ മൾട്ടി സ്പെഷ്യലിറ്റി വെറ്റിനറി ഹോസ്പിറ്റൽ, **കുടപ്പനക്കുന്ന് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ വെറ്റ് ക്വസ്റ്റ് ൻറെ** ആദ്യ പതിപ്പിന്റെ പ്രകാശനം / 2025 നവംബർ 1 ന് നിയമസഭ ചേമ്പറിൽ വച്ച് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കുന്നു. ചടങ്ങിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എം.സി. റെജിൽ ഐഎഎസ്, മറ്റ് വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുക്കുന്നു. മൾട്ടി സ്പെഷ്യലിറ്റി വെറ്ററിനറി ഹോസ്പിറ്റലിൽ എത്തുന്ന വൈവിധ്യമാർന്ന കേസുകൾ, നൂതന രോഗനിർണയ/ ചികിത്സാ രീതികളിലൂടെ ഫലപ്രദമായി കൈകാര്യം ചെയ്യും വിധം വെറ്ററിനറി ഡോക്ടർമാർക്കും വെറ്ററിനറി വിദ്യാർഥികൾക്കും ഉപകാരപ്പെടുന്ന രീതിയിൽ ഒരു ഓൺലൈൻ മാധ്യമത്തിലൂടെ പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യമാണ് മൃഗസംരക്ഷണ വകുപ്പിന്റെ ഈ ഉദ്യമത്തിന് പിന്നിൽ. സമ്പൂർണ പ്രൊഫഷണൽ ഉള്ളടക്കത്തോടുകൂടിയ ത്രൈമാസ പ്രസിദ്ധീകരണമായ വെറ്റ് ക്വസ്റ്റ് ന്റെ ലിങ്ക് മൃഗസംരക്ഷണ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

വകുപ്പിന്റെയും ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്ററിന്റെയും വെബ് സൈറ്റുകളിൽ ലഭ്യമാക്കുന്നതാണ്.

## പരിശീലന പരിപാടി

6. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 നവംബർ 10 മുതൽ 14 വരെ **"ശാസ്ത്രീയമായ പശുപരിപാലനം"** എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 നവംബർ 7- ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മേൽവിലാസം- ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പാലസ്.പി.ഒ., തിരുവനന്തപുരം – 695004. ഇമെയിൽ principaldtctvm@gmail.com

**7. കാർഷിക നിർദേശം**

നവംബർ മുതൽ ഫെബ്രുവരി വരെ കേരളത്തിലെ സമതല പ്രദേശങ്ങളിൽ ശീതകാല പച്ചക്കറികൾ കൃഷി ചെയ്യാൻ പറ്റിയ സമയമാണ്. നല്ല സൂര്യപ്രകാശവും നീർവാർച്ചയുമുള്ള സ്ഥലങ്ങൾ തിരഞ്ഞെടുക്കണം. ഒരു സെന്റിന് 2.5 കിലോഗ്രാം കുമ്മായം ഇട്ട് ഒരാഴ്ച കഴിഞ്ഞ് 100 കിലോ എന്ന തോതിൽ ജൈവവളവും ചേർക്കണം. ചാലുകൾ മുക്കാൽ ഭാഗത്തോളം മൂടുക. തയ്യാറാക്കിയ ചാലുകളിൽ ഒന്നരയടി (45 സെന്റീമീറ്റർ) അകലത്തിൽ തൈകൾ നടണം. നട്ട് 10–ാം ദിവസം ആദ്യത്തെ വളം കൊടുക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം